**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3019** **14-02-2024 - ൽ മറുപടിയ്ക്ക്**

**വനം വിജിലൻസ് നടത്തിയ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ അഞ്ചു വർഷ കാലയളവിൽ വനം വിജിലൻസ് നടത്തിയ പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ നൽകാമോ; | (എ) | **കഴിഞ്ഞ അഞ്ചു വർഷ കാലയളവിൽ വനം വിജിലൻസ് നടത്തിയ പരിശോധനകളിൽ അനധികൃത മരം മുറി, വനം കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിലെ വീഴ്ചകൾ, ഓഫീസ് പ്രവർത്തനങ്ങളിലെ ക്രമക്കേടുകൾ, സോളാർ ഫെൻസിങ് പ്രവർത്തികളിലെ ക്രമക്കേടുകൾ, മരാധിഷ്ഠിത വ്യവസായ സ്ഥാപനങ്ങളിലെ NOC സംബന്ധിച്ച ക്രമക്കേടുകൾ, തൈ ഉത്പാദനവും പരിപാലനവും സംബന്ധിച്ച ക്രമക്കേടുകൾ, ഇക്കോ ടൂറിസം/ വി.എസ്.എസ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ, ജീവനക്കാരുടെ പെരുമാറ്റ ചട്ടലംഘനം, വന്യജീവി സംരക്ഷണ നിയമം, കേരള വനനിയമം എന്നിവ നടപ്പിലാക്കുന്നതിലുള്ള വീഴ്ചകൾ, ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുകൾ, പെർമിറ്റുകൾ/പാസ്സുകൾ കൊടുക്കുന്നതിലെ ക്രമക്കേടുകൾ, NMR ലെ ക്രമക്കേടുകൾ, വന്യമൃഗങ്ങൾക്ക് മരുന്നും ഭക്ഷണവും നൽകുന്നതിലെ ക്രമക്കേടുകൾ, പ്ലാന്റേഷൻ ജോലികളിലെ ക്രമക്കേടുകൾ, അടച്ചുമുറി നടത്തിയതിലെ ക്രമക്കേടുകൾ, നാട്ടാന പരിപാലന ചട്ടത്തിലെ ക്രമക്കേടുകൾ എന്നിവയാണ് വനം വിജിലൻസ് വിഭാഗം പ്രധാനമായും കണ്ടെത്തിയ ക്രമക്കേടുകൾ.** |
| (ബി) | പ്രസ്തുത ക്രമക്കേടുകളിൽ കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ബി) | ക്രമക്കേടുകളിൽ കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

1. **ബി1–5416/2021**

വനം വകുപ്പ് വിഭാഗത്തിൽ നിർമ്മാണ പ്രവർത്തികൾ ടെൻഡർ ചെയ്യാതെ ഫോറസ്റ്റർമാർ സ്വകാര്യ കരാറുകാർക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം പി.സി.സി.എഫ് സെക്ഷൻ ഫോറസ്റ്റ് ഓഫീസറായ ശ്രീ. കെ. സുബൈർ, റെയിഞ്ച് ഓഫീസർ ശ്രീ. കൃഷ്ണദാസൻ. സി എന്നിവരിൽ നിന്നും വിശദീകരണം തേടി ഉചിതമായ നടപടി സ്വീകരിക്കണമെന്ന് 25.04.2022 ലെ VE10–1773/2022 പ്രകാരം ശുപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ റെയിഞ്ച് ഓഫീസർ ശ്രീ. കൃഷ്ണദാസനെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. സെക്ഷൻ ഫോറസ്റ്റ് ഓഫീസറായ ശ്രീ. കെ. സുബൈർനെതിരെയുള്ള അച്ചടക്കനടപടി സ്വീകരിച്ചു വരുന്നു.

2. **ബി 1986/2023**

കോഴിക്കോട് ജില്ലയിലെ മുക്കം അരീക്കോട് റോഡിൽ സോഷ്യൽ ഫോറസ്ട്രി വച്ചുപിടിപ്പിച്ച എട്ടു മരങ്ങൾ സ്വകാര്യ വ്യക്തിക്ക് പെട്രോൾ പമ്പ് സ്ഥാപിക്കാനായി മുറിച്ചു മാറ്റിയെന്ന പരാതിയിന്മേൽ അന്വേഷണം നടത്തി വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് ഉത്തരവാദിയായ അസ്സിസിറ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ശ്രീ. വി. സന്തോഷ് കുമാറിനെതിരെ ഉചിതമായ നടപടി സ്വീകരിക്കുവാൻ 15.03.2023 ലെ VE10–28054/2018 പ്രകാരം ശുപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന് 06.04.2023 ലെ ബി1–1986/2023 പ്രകാരം മെമ്മോ നൽകി. തുടർനടപടി സ്വീകരിച്ചു വരുന്നു.

3. **ബി 6795/2023**

കണ്ണൂർ ജില്ലയിലെ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിലെ ഡെപ്യൂട്ടി റെയിഞ്ച് ഓഫീസറായ ശ്രീ. പ്രദീപൻ കാരായിക്കെതിരെ ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് ടിയാനെ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷൻ ചുമതലയിൽ നിന്നും മാറ്റി നിയമിക്കുവാൻ 11.10.2023 ലെ VE10–2459/2022 പ്രകാരം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാനെ മാറ്റിനിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4. **ബി1-5392/2023**

താമരശ്ശേരി റേഞ്ചിലെ ഒ.ആർ 8/2023 നമ്പർ കേസുമായി ബന്ധപ്പെട്ട് ശ്രീമതി.റോസ്‌ലിനെ കസ്റ്റഡിയിലെടുത്ത് അറസ്റ്റ് ചെയ്തതുമായി ബന്ധപ്പെട്ട് റെയിഞ്ച്ഓഫീസർ ശ്രീ. എം.കെ. രാജീവ് കുമാറിനെ സ്ഥലം മാറ്റണമെന്ന് 09.08.2023 ലെ VE10-5377/2023 പ്രകാരം വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാനെ സ്ഥലം മാറ്റി നിയമിച്ചിട്ടുണ്ട്.

5. **ബി2-5777/2019**

ആര്യങ്കാവ് റെയിഞ്ചിലെ എടപ്പാളം പട്ടികജാതി കോ-ഓപ്പറേറ്റീവ് സൊസൈറ്റി പാലരുവിയിൽ പണിത കുടാരത്തിന് നൽകാനുള്ള ബാക്കി തുക ലഭിച്ചിട്ടില്ല എന്ന പരാതിയിൽ അന്നത്തെ ആര്യങ്കാവ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ. ജിയാസ് ജമാലുദ്ദീൻ ലബ്ബയ്ക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുവാൻ 01.10.2019-ലെ വി .ഇ 2/28911/2018 നമ്പർ കത്ത് പ്രകാരം വിജിലൻസ് വിഭാഗം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാന് 09.11.2019-ലെ ബി2-5777/2019 നമ്പർ പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രവും/കുറ്റാരോപണപത്രികയും നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും 23.11.2021-ലെ ബി2-5777/2019 നമ്പർ ഉത്തരവ് പ്രകാരം "സെൻഷർ" ശിക്ഷ നൽകി അച്ചടക്ക നടപടി തീർപ്പാക്കികൊണ്ട് ഉത്തരവായിട്ടുണ്ട്.

6. **ബി2-4602/21**

തെന്മല ഡിവിഷൻ ആര്യങ്കാവ് റെയിഞ്ചിൽ ബിനാമി വാച്ചർമാരുടെ പേരിലും വർക്കുകൾ ടെൻഡർ എടുത്തയാളിന്റെ പേരിലും ദിവസവേതനം എഴുതിയെടുത്തതായ പരാതിയിൽ 02.09.2021-ലെ വി.ഇ 2 7358/2019 നമ്പർ കത്ത് പ്രകാരം വിജിലൻസ് വിഭാഗം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ കുറ്റാരോപിതരായ 18 ഉദ്യോഗസ്ഥർക്ക് 17.06.2023-ലെ FWLD-A2/5/2023-FWLD നമ്പർ പ്രകാരം സർക്കാർ തലത്തിൽ കുറ്റപത്രം/കുറ്റാരോപണപത്രിക നൽകി അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു.

7. **ബി2-344632/2022(ബി2-5656/2022)**

ആര്യങ്കാവ് റെയിഞ്ചിലെ കടമാൻപാറ ഫോറസ്റ്റ് സ്റ്റേഷന് സമീപം 18.11.2022 ന് വൈകുന്നേരം 5.30 മണിക്ക് സന്ദീപ് എന്നയാളെ വനം വകുപ്പ് ഉദ്യോഗസ്ഥർ മർദിച്ചുവെന്നു പറയപ്പെടുന്ന

സംഭവത്തിൽ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. എ. ജിൽസന്റെ ഭാഗത്തുനിന്നും ജാഗ്രതാകുറവ് സംഭവിച്ചതായി 22.12.2022 ലെ വി.ഇ.2-5660/2022 പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്) റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശ പ്രകാരം ടിയാനെ 05.01.2023-ലെ ബി2-344632/2022 നമ്പർ നടപടി ഉത്തരവ് പ്രകാരം സസ്പെൻഡ് ചെയ്യുകയും 09.01.2023-ലെ ബി2-344632/2022 നമ്പർ പ്രകാരം കുറ്റപത്രം/കുറ്റാരോപണപത്രിക എന്നിവ നല്കി അച്ചടക്കനടപടി ആരംഭിക്കുകയും ശ്രീ. ജിൽസൻ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ കൊല്ലം സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീ. ജിൽസന്റെ ഭാഗത്തു നിന്നും മനഃപൂർവ്വമായ വീഴചകളോ ജാഗ്രതക്കുറവോ ഉണ്ടായിട്ടില്ല എന്ന അഭിപ്രായം പരിഗണിച്ച് 10.10.2023-ലെ ബി2-344632/2022 ഉത്തരവ് പ്രകാരം അച്ചടക്ക നടപടി ഒഴിവാക്കി ഉത്തരവായി.

8. **ബി2 2185-2020**

കോന്നി ഡിവിഷനിലെ നടുവത്തുമൂഴി റെയിഞ്ചിൽപ്പെട്ട പാടം, കരിപ്പൻതോട് ഫോറസ്റ്റ് സ്റ്റേഷനുകളുടെ പരിധിയിലുള്ള സർക്കാർ തേക്കുതോട്ടങ്ങളിൽ നടന്ന അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ. എസ്. ഫസലുദീൻ, ശ്രീ. എസ്. രാജേഷ് എന്നിവർക്ക് സർക്കാർ തലത്തിൽ 12.01.2021-ലെ FWLD-A2/36/2020-FWLD നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകുകയും ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായിരുന്ന ശ്രീ. ടി. രാജൻ, ശ്രീ. അനിൽ ബേബി എന്നിവർക്ക് 28/12/2021 ലെ B2-2185/2020 നമ്പർ ഉത്തരവ് പ്രകാരം കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകിയിട്ടുണ്ട്. ബാക്കി ഉദ്യോഗസ്ഥർക്കെതിരെ സതേൺ സർക്കിൾ തലത്തിൽ അച്ചടക്ക നടപടി സ്വീകരിച്ച് വരുന്നു.

9. **ബി3-6220/22**

റാന്നി ഡിവിഷനിൽ 2020-ൽ റാന്നി ഡിവിഷന്റെ അധികാരപരിധിയിൽപ്പെട്ട ചേത്തക്കൽ റിസർവ്വിൽപ്പെട്ട സ്ഥലത്തുനിന്നും 300 ഓളം മരങ്ങൾ റവന്യൂ പുറമ്പോക്കെന്ന വ്യാജേന മുറിച്ച് കടത്തിയതുമായി ബന്ധപ്പെട്ട് 4 ജീവനക്കാർക്കെതിരെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിൽ നിന്നും ബാക്കി ഉദ്യോഗസ്ഥർക്കെതിരെ സതേൺ സർക്കിൾ തലത്തിലും അച്ചടക്കനടപടി സ്വീകരിച്ചു വരുന്നു.

10. **B4-6429/19**

മലയാറ്റൂർ ഇല്ലിത്തോട് കാടപ്പാറ ജംഗ്ഷനിൽ നിന്നും പിടിച്ചെടുത്ത കാട്ടുപോത്തിന്റെ വേവിച്ച ഇറച്ചിയും സാമ്പിളും പരിശോധനക്ക് അയക്കാതെ നശിപ്പിക്കുകയും ലക്ഷങ്ങൾ കൈക്കൂലി വാങ്ങി കേസ് ഒതുക്കി എന്നുമുള്ള പരാതിയുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ. ജി.കൃഷ്ണദാസിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് 22.10.2019 ലെ KFDHQ/577/2019-VIG/VE1 നമ്പർ കത്ത് പ്രകാരം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 23.01.2021-ലെ B4-6429/2019 നമ്പർ പ്രകാരം കഠിനശിക്ഷക്കുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകുകയും ആയതിന്മേൽ ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേലുള്ള വാദങ്ങൾ അംഗീകരിക്കുവാൻ കഴിയാത്തതിനാൽ 21.01.2022-ലെ B4-6429/2019 ഉത്തരവ് പ്രകാരം ഔപചാരിക അന്വേഷണത്തിന് ഉത്തരവാകുകയും ചെയ്തിരുന്നു. ആയതുപ്രകാരം തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

11. **B4-7019/19**

മതിയായ രേഖകളില്ലാതെ തേക്ക് തടികൾ ലോറിയിൽ കടത്തി കൊണ്ട് പോയതിന് കസ്റ്റഡിയിലെടുത്ത വാഹനവും തൊണ്ടി തടികളും നിയമാനുസൃതമായ നടപടികൾ പൂർത്തിയാക്കാതെ ഉടമസ്ഥർക്ക് നൽകിയതുമായി ബന്ധപ്പെട്ട് പരിയാരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ കെ.ജി. രാഗേഷിനെ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്യുന്നതിനും അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് 12.12.2019-ലെ KFDHQ/7075/2019-VIG/VE1 നമ്പർ കത്ത് പ്രകാരം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 19.12.2019-ലെ B4-7019/19 നമ്പർ ഉത്തരവ് പ്രകാരം ടിയാനെ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും 27.07.2020-ലെ FWLD-A2/3/2020 പ്രകാരം കഠിനശിക്ഷക്കുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകുകയും ആയതിന്മേൽ ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേലുള്ള വാദങ്ങൾ അംഗീകരിക്കുവാൻ കഴിയാത്തതിനാൽ 19.11.2021 ലെ സ.ഉ.(സാധാ).നം.366/2021/FWLD നമ്പർ ഉത്തരവ് പ്രകാരം ഔപചാരിക അന്വേഷണത്തിന് ഉത്തരവാകുകയും ചെയ്തിരുന്നു. ടി ഔപചാരിക അന്വേഷണത്തിൽ ടിയാനെതിരെയുള്ള കുറ്റങ്ങൾ എല്ലാം തെളിഞ്ഞതിനാൽ കേരള സർവീസ് റൂൾസ് പാർട്ട് III റൂൾ പ്രകാരം ടിയാന്റെ പ്രതിമാസ

പെൻഷൻ 20% സ്ഥിരമായി കുറവ് ചെയ്യുന്നതിന് താത്കാലികമായി തീരുമാനിച്ചുകൊണ്ട് 11.05.23-ലെ FWLD-A2/3/2020 കത്ത് പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി തുടർ നടപടി സ്വീകരിച്ച് വരുന്നു.

12. **B4-221631/21 (e-5187/22)**

ആതിരപ്പള്ളി റേഞ്ചിലെ 1960 വാടാമുറി തേക്ക് തോട്ടത്തിൽ നിന്ന് 2 മരങ്ങൾ അനധികൃതമായി മുറിച്ചതുമായി ബന്ധപ്പെട്ട് പെരുമ്പാവൂർ ടിമ്പർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറായ ശ്രീ. ജി. പ്രസാദിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് 23.11.2021-ലെ VE1-4861/21 നമ്പർ കത്ത് പ്രകാരം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാന് 22.07.2022-ലെ FWLD-A2/06/2022 നമ്പർ പ്രകാരം കഠിനശിക്ഷക്കുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകുകയും ആയതിന്മേൽ ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേലുള്ള വാദങ്ങൾ അംഗീകരിക്കുവാൻ കഴിയാത്തതിനാൽ 13.09.2023-ലെ സ.ഉ.(സാധാ).നം.342/2023/FWLD ഉത്തരവ് പ്രകാരം ഔപചാരിക അന്വേഷണത്തിന് ഉത്തരവാകുകയും ചെയ്തിരുന്നു. ആയതു പ്രകാരം അന്വേഷണം തുടർന്ന് വരുന്നു.

13. **B4-222591/21 (e-155/23)**

ഔദ്യോഗിക കൃത്യനിർവഹണത്തിൽ വീഴ്ച വരുത്തിയതുമായി ബന്ധപ്പെട്ട് ശ്രീ. ഭാസി ബാഹുലേയനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് 21.12.2021-ലെ VE5-5365/21 നമ്പർ കത്ത് പ്രകാരം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാന് 26.09.2022-ലെ B4-222591/2021 നമ്പർ പ്രകാരം ലഘു ശിക്ഷക്കുള്ള കുറ്റപത്രം/ കുറ്റാരോപണ പത്രിക നൽകുകയും ആയതിന്മേൽ ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയുടെ അടിസ്ഥാനത്തിൽ തുടർ നടപടി നടന്നു വരുന്നു.

14. **B4-187901 /21 (e-5600/2022)**

തുണ്ടത്തിൽ റേഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ. വി.ബി. അഖിലിനെതിരെ ശ്രീ. വൈ. ഷാജൻ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ശ്രീ. വി.ബി അഖിലിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ വിജിലൻസ് & ഫോറസ്റ്റ്

ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് 29.04.2021-ലെ KFDHQ/5252/2020-VIG/VE1 നമ്പർ കത്ത് പ്രകാരം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാന് 01.09.2021-ലെ B4-187901/2021 നമ്പർ ലഘു ശിക്ഷക്കുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകുകയും ആയതിനു ടിയാൻ മറുപടി സമർപ്പിക്കുകയും ചെയ്തു. ടിയാന് നൽകിയ 04.04.2022-ലെ B4-187901/2021 നമ്പർ പ്രകാരം കാരണം കാണിക്കൽ നോട്ടീസിലെ ശിക്ഷയായ താക്കീത് നൽകി ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി 04.02.2023-ലെ ബി4-187901/2021 നമ്പർ പ്രകാരം അന്തിമ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

15. **B4-195422 /21 (e-2056 /2023 )**

തൃശ്ശൂർ ജില്ലയിലെ മച്ചാട് റേഞ്ചിൽ എളനാട് ഫോറസ്റ്റ് സ്റ്റേഷനിൽ ഡെപ്യൂട്ടി റെയിഞ്ചർ ആയ ശ്രീ. സി. വിജയരാഘവനും (സർവീസിൽ നിന്നും വിരമിച്ചു) മറ്റുള്ള ജീവനക്കാർക്കുമെതിരെ ലഭിച്ച പരാതിയിന്മേൽ നടത്തിയ അന്വേഷണത്തിൽ മേൽ ശ്രീ. സി. വിജയരാഘവനെതിരെ അച്ചടക്കനടപടി സ്വീകരിക്കുവാൻ 08.08.2023-ലെ KFDHQ/134/2022-VIG/VE1 നമ്പർ കത്ത് പ്രകാരം വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് ശുപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 09.01.2024-തീയതിയിലെ FWLD-A2/78/2021 നമ്പർ പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി തുടർ നടപടി നടന്നു വരുന്നു.

16. **B4-185797/21**

കട്ടിങ് പെർമിറ്റില്ലാതെ ഡെപ്യൂട്ടി റെയിഞ്ചറുടെയും റെയിഞ്ച് ഓഫീസറുടെയും ഒത്താശയോടുകൂടി മരങ്ങൾ കടത്തിക്കൊണ്ടു പോയി എന്ന പരാതിയുമായി ബന്ധപ്പെട്ട് ശ്രീ. ടി.കെ. അരുൺകുമാർ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ശ്രീ. കെ.പി. സന്തോഷ് ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ, ശ്രീ. ടി.എസ്. മാത്യു റെയിഞ്ച് ഓഫീസർ എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് 27.04.2021-ലെ VE1-1839/2021 നമ്പർ കത്ത് പ്രകാരം വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് ശുപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 18.08.2021-ലെ B4-185797/21 നമ്പർ പ്രകാരം മെമ്മോ നൽകുകയും ആയതിന്മേൽ സമർപ്പിച്ച വിശദീകരണത്തിന്മേൽ, വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് യുടെ അഭിപ്രായം അറിയിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് തുടർ നടപടി നടന്നു വരുന്നു.

17. **B4-4845/22**

ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്തുവെന്ന ആരോപണത്തിന്മേൽ റെയിഞ്ച് ഓഫീസർ ശ്രീ. അരുൺ. വി എസ്സിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് 15.09.2022-ലെ KFDHQ/4506/2020-VIG /VE1 നമ്പർ കത്ത് പ്രകാരം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാന് 09.03.2023-ലെ FWLD-A2/7/2021 പ്രകാരം കഠിനശിക്ഷക്കുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകുകയും ആയതിന്മേൽ ടിയാൻ സമർപ്പിച്ച വിശദീകരണത്തിന്മേൽ തുടർ നടപടി നടന്നു വരുന്നു.

18. **B4-942/22**

തൃശ്ശൂർ ഡിവിഷനിലെ പട്ടിക്കാട് റേഞ്ചിന് കീഴിലുള്ള മാന്ദാമംഗലം ഫോറസ്റ്റ് സ്റ്റേഷനിലെ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ. സി.ഒ. സെബാസ്റ്റ്യൻ ഒലിവർ വുഡ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ പരിശോധന നടത്തി ഉടമയോടും മകളോടും അപമര്യാദയായി പെരുമാറിയതുമായി ബന്ധപ്പെട്ട് ടിയാന് 08.04.2022 ലെ B4-942/2022 നമ്പർ പ്രകാരം കഠിനശിക്ഷക്കുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകുകയും 02.11.2022-ലെ B4-942/2022 ഉത്തരവ് പ്രകാരം ഔപചാരിക അന്വേഷണത്തിന് ഉത്തരവാകുകയും ടി ഔപചാരിക അന്വേഷണത്തിൽ കുറ്റപത്രത്തിലെ ആരോപണങ്ങളിൽ ഒന്നാമത്തെ ആരോപണം ഭാഗീകമായും മറ്റുള്ളവ പൂർണമായും ശരിയാണെന്നു കണ്ടെത്തിയതിനാൽ രണ്ടു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ രണ്ടു വർഷത്തേക്ക് തടയുക എന്ന ശിക്ഷ താത്കാലികമായി തീരുമാനിച്ചുകൊണ്ട് 10.07.2023-ലെ B4-942/2022 നമ്പർ പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ആയതിന് ടിയാൻ സമർപ്പിച്ച മറുപടിയിന്മേൽ തുടർ നടപടി നടന്നു വരുന്നു.

19. **B4-1473/22**

എറണാകുളം ജില്ലയിൽ വെങ്ങോല പഞ്ചായത്തിൽ ബിൽഡിംഗ് നമ്പർ റദ്ദ് ചെയ്ത സ്ഥാപനത്തിന് അനധികൃതമായി ഫോറസ്റ്റ് എൻ.ഒ.സി നൽകി എന്ന പരാതിയുമായി ബന്ധപ്പെട്ട് ശ്രീ. സലിം. എം (ക്ലാർക്ക്), ശ്രീ. രാധാകൃഷ്ണൻ. സി.പി (ഹെഡ് അക്കൗണ്ടന്റ് സർവീസിൽ നിന്നും വിരമിച്ചു), ശ്രീ. സേവി കെ.ഒ (ജൂനിയർ സൂപ്രണ്ട് -സർവീസിൽ നിന്നും വിരമിച്ചു) ശ്രീ. മുരളീധരൻ. പി (അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് - സർവീസിൽ നിന്നും വിരമിച്ചു)

എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ 16.03.2022-ലെ KFDHQ/4421/2020-VIG/VE1 നമ്പർ കത്ത് പ്രകാരം വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് ശുപാർശ ചെയ്തിരുന്നു. ആയതിന്മേൽ തുടർ നടപടികൾ നടന്നു വരുന്നു.

20. **B4-2496/22**

ചാലക്കുടി ഡിവിഷനിലെ പരിയാരം റെയിഞ്ചിൽപ്പെട്ട കോടശ്ശേരി റിസർവ്വിനകത്ത് അതിക്രമിച്ച് കയറി വീഡിയോകൾ ചിത്രീകരിച്ചതറിഞ്ഞിട്ടും ടി ഓഫീസിലെ ഡെപ്യൂട്ടി റെയിഞ്ച് ഓഫീസറായ ശ്രീ. കെ.പി. സന്തോഷ് കുമാർ, ശ്രീ. കെ.പി. മുഹമ്മദ് ഹുസ്സൈൻ എന്നിവർ കേസ് രജിസ്റ്റർ ചെയ്യാതിരുന്നതും, ടി കേസിൽ നടപടികൾ സ്വീകരിക്കുന്നതിൽ പരിയാരം റെയിഞ്ച് ഓഫീസറായ ശ്രീ. ടി.എസ്. മാത്യുവിന് മേൽനോട്ടക്കുറവ് ഉണ്ടായതിനാലും ടി ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് 30.05.2022-ലെ VE1-1075/22 നമ്പർ കത്ത് പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. ആയതിന്മേൽ നടപടി തുടർന്ന് വരുന്നു.

21. **B4-7495/2023**

മലയാറ്റൂർ ഡിവിഷനിലെ കാലടി റെയിഞ്ചിൽപ്പെട്ട കണ്ണിമംഗലം ഫോറസ്റ്റ് സ്റ്റേഷന്റെ ബാച്ചിലേഴ്സ് ക്വാർട്ടേഴ്സ് നിർമാണത്തിന്റെ ഫൈനൽ ബിൽ ലഭിക്കാത്തതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ. എം.കെ. നാരായണൻ, ശ്രീ. പി. ഗിരീഷ് കുമാർ (ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ഇൻ ചാർജ്), ശ്രീ. സി.വി ബിജു, ശ്രീ. ജി. വിശ്വനാഥൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ. ടി.എസ്. സേവ്യർ, ശ്രീ. ബി. അശോക് രാജ്, ശ്രീ. ബി. അജിത് കുമാർ എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ 16.11.2023-ലെ KFDHQ/6211/2023-VIG /VE1 നമ്പർ കത്ത് പ്രകാരം വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് ശുപാർശ ചെയ്തിരുന്നു. ആയതുപ്രകാരം തുടർ നടപടി സ്വീകരിച്ചു വരുന്നു.

22. **B4-849/23**

തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ കിള്ളിമംഗലം വില്ലേജിൽ ശ്രീമതി സബിത സുലൈമാന്റെ 1.3678 ഹെക്ടർ സ്ഥലത്തിന്റെ എൻ.ഒ.സി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട

പരാതിയുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ ഡിവിഷനിൽ സർവെയറായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ജിജോ തോമസിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ 12.01.2023 തീയതിയിലെ KFDHQ/5476/2021-VIG/VE1 നമ്പർ കത്ത് പ്രകാരം വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് ശുപാർശ ചെയ്തിരുന്നു.. ആയതു പ്രകാരം സർവ്വെ & ലാന്റ് റെക്കോർഡ്സ് ഡയറക്ടറെ അറിയിച്ചിട്ടുള്ളതാണ്.

23. **<u>ബി6-3625/2021</u>**

കുളത്തുപ്പുഴ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറും, സ്റ്റാഫുകളും വ്യാപക അഴിമതിയും വനം കൊള്ളയും നടത്തുന്നതായി ശ്രീ. സനിൽകുമാർ എന്നയാൾ ബഹു. മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെല്ലിൽ നൽകിയ പരാതിയിന്മേൽ വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് അന്വേഷണം നടത്തി 01/02/2022 - ലെ KFDHQ/4388/2021-VIG/VE2 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും, ആയതിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. സെൽവരാജ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ. സി. മധു, ശ്രീ. ജി. ജിജിമോൻ, ശ്രീ. ആർ. അനിൽകുമാർ, ശ്രീ. ആർ.എസ്. റ്റിനേഷ് എന്നിവരിൽ നിന്നും വിശദീകരണം വാങ്ങി തുടർ നടപടി സ്വീകരിക്കുവാൻ വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. സെൽവരാജ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ. സി. മധു എന്നിവർക്ക് 02/02/2023-ലെ B6-3625/21 നമ്പർ പ്രകാരം മെമ്മോ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തെന്മല മുഖേന നൽകിയിട്ടുണ്ട്. മറ്റ് ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം വാങ്ങുന്നതിനുള്ള നടപടികൾ തുടർന്ന് വരുന്നു.

24. **<u>ബി6-142/2022</u>**

കുളത്തുപ്പുഴ തേക്കുമല സെക്ഷൻ ആസ്ഥാനത്തു സുരക്ഷിതമല്ലാതെ ആനക്കൊമ്പ് സൂക്ഷിക്കുന്നു എന്ന രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് അന്വേഷണം നടത്തി 31/12/2021 - ലെ KFDHQ/2146/2021 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും, ആയതിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. സി. സെൽവരാജ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ. ജി. ശ്രീസദൻ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീമതി. ജി.റ്റി. ധന്യ, ബീറ്റ്

ഫോറസ്റ്റ് ഓഫീസർ ശ്രീ. ആർ.കെ. വിഷ്ണു എന്നിവരെ കുറ്റക്കാരായി കണ്ടെത്തുകയും, ശ്രീ. സെൽവരാജിനെതിരെ സർക്കാർ തലത്തിൽ 10/11/2022 ലെ KFDHQ/2146/2021-VIG/VE2 നമ്പർ പ്രകാരം കഠിന ശിക്ഷക്കുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകി അച്ചടക്ക നടപടി തുടർന്ന് വരുന്നു. മറ്റ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യാൻ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (SC), ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (TVM)എന്നിവർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**25. ബി6-4652/2022**

പെരിങ്ങമല സെക്ഷനിലെ ജണ്ട നിർമ്മാണത്തിലെ അഴിമതി ആരോപിച്ച് പെരിങ്ങമല സെക്ഷനിലെ വാച്ചർമാർ എന്ന പേരിൽ ബഹു.വനം വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച പരാതിയിന്മേൽ വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് അന്വേഷണം നടത്തി 19/09/2022 - ലെ KFDHQ/4493/2020-VIG/VE2 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും, ആയതിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.ബി. അജിത് കുമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ. ആർ.ബി. അരുൺ കുമാർ, എന്നിവരെ കുറ്റക്കാരായി കണ്ടെത്തുകയും. ടിയാന്മാർക്കെതിരെ സർക്കാർ തലത്തിൽ 22/03/2023-ലെ FWLD-A2/12/2023 നമ്പർ പ്രകാരം കഠിന ശിക്ഷക്കുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകി അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്.

**26. ബി6-2956/2022**

തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റെയിഞ്ചിലെ കല്ലാർ സെക്ഷൻ പരിധിയിൽപ്പെട്ട വിതുര വില്ലേജിൽ കല്ലാർ ഇരുപതാം മൈലിൽ കാട്ടാന വൈദ്യുതി ആഘാതമേറ്റ് ചരിഞ്ഞതിന് പാലോട് റെയിഞ്ചിൽ രജിസ്റ്റർ ചെയ്ത ഒ.ആർ 01/21 നമ്പർ കേസ് ഉദ്യോഗസ്ഥർ ദുർബ്ബലപ്പെടുത്തി എന്ന പരാതിയിന്മേൽ വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് അന്വേഷണം നടത്തി 25/05/2022 - ലെ KFDHQ/2784/2021-VIG/VE2 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും, ആയതിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. സെൽവരാജ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ. എം.എസ്. റീഗൻ, എന്നിവരിൽ നിന്നും വിശദീകരണം വാങ്ങി ആവശ്യമായ നടപടി

സ്വീകരിക്കുവാൻ വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാന്മാർക്ക് 16/11/2022-ലെ B6-2956/22 നമ്പർ മെമ്മോ നൽകി നടപടി തുടർന്ന് വരുന്നു.

27. **ബി6-2799/2022**

തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റെയിഞ്ചിലെ വനപാലകർ മാനിനെ കൊന്ന് ഇറച്ചിയാക്കി കറി വെച്ച് കഴിച്ചു എന്ന പത്രവാർത്തയിന്മേൽ വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് അന്വേഷണം നടത്തി 28/09/2022 - ലെ KFDHQ/2722/2022-VIG/VE2 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും, ആയതിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. റ്റി. അജികുമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ. ജി.കെ. അരുൺലാൽ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ മാരായ ശ്രീ. എസ്. ഷജീദ്, ശ്രീ. പി. രാജേഷ്കുമാർ, ശ്രീമതി. യു. രമ്യ എന്നിവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. റ്റി.അജികുമാറിനെതിരെ സർക്കാർ തലത്തിൽ 06/03/2023-ലെ FWLD-A2/67/2022-FWLD നമ്പർ പ്രകാരം കഠിന ശിക്ഷക്കുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകി അച്ചടക്ക നടപടി തുടർന്ന് വരുന്നു. മറ്റ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യാൻ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (SC) ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ ശ്രീ. ഷജീദ്, ശ്രീ. അരുൺലാൽ എന്നിവരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും പുനഃപ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

28. **KFDHQ/4550/2023-ADMIN/B8**

ദേവികുളം റെയിഞ്ചിലെ കെ.എൽ 06 സി 7268 നമ്പർ ജീപ്പിന്റെ ഭാഗങ്ങൾ ഊരി കെ എൽ 17 ബി 8632 നമ്പർ ജീപ്പിലേക്ക് മാറ്റി ബില്ലുകൾ മാറിയെടുത്തു എന്ന പരാതി സംബന്ധിച്ച് വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം പി.സി.സി.എഫ് യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. ഹരീന്ദ്രകുമാർ എസ് ന് കുറ്റപത്രം/ കുറ്റാരോപണ പത്രിക എന്നിവ നൽകി അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്.

29. **KFDHQ/3689/2023-ADMIN/B8**

നേര്യമംഗലം റെയ്ഞ്ചിലെ വാളറ സ്റ്റേഷനിൽ സെക്ഷൻ ഫോറസ്ററ് ഓഫീസർ ശ്രീ. മുരളി, ബീറ്റ് ഫോറസ്ററ് ഓഫീസർ ശ്രീ. ബിജോയ് എന്നിവർ കാട്ടമ്പലം ഭാഗത്തു വീണു കിടന്ന തമ്പക മരം മുറിച്ചു മാറ്റി എന്ന പരാതി സംബന്ധിച്ച വിജിലൻസ് & ഫോറസ്ററ് ഇന്റലിജൻസ് വിഭാഗം പി.സി.സി.എഫ് ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. V.T. മുരളിക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (HRC) കോട്ടയത്തിന് നിർദേശം നൽകുകയും, റെയിഞ്ച് ഫോറസ്റ്റ് ഓഫിസർ അരുൺ. കെ. നായർക്ക് മെമ്മോ നൽകുകയും ചെയ്തിട്ടുണ്ട്.

30. **KFDHQ/7964/2023-ADMIN/B8**

നേര്യമംഗലം റെയിഞ്ചിലെ വാളറ ഫോറസ്റ്റ് സ്റ്റേഷനിൽ നിലവിൽ 11 വാച്ചർമാരെ ജോലി ചെയ്യുന്നുള്ളൂ എന്നത് സംബന്ധിച്ച ലഭിച്ച പരാതിയിൽ വിജിലൻസ് & ഫോറസ്ററ് ഇന്റലിജൻസ് വിഭാഗം പി.സി.സി.എഫ് ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. പി.റ്റി. അരുൺ കുമാർ സെക്ഷൻ ഫോറസ്ററ് ഓഫീസറെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഈ കേസിൽ ഉൾപ്പെട്ട ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. സിജി മുഹമ്മദ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ. ലാലു എന്നിവർ നിലവിൽ ബി8-6781/2023 ഫയലിലെ നടപടിയുടെ അടിസ്ഥാനത്തിൽ സസ്പെൻഷനിലാണ്. ഇവർക്കെതിരെ കുറ്റപത്രം/കുറ്റാരോപണ പത്രിക എന്നിവ തയ്യാറാക്കി വരുന്നു.

31. **KFDHQ/6781/2023-ADMIN/B8**

നേര്യമംഗലം ഫോറസ്ററ് റെയിഞ്ചിന് കീഴിലെ വാളറ ഫോറസ്ററ് സ്റ്റേഷൻ പരിധിയിൽ വരുന്ന പഴം പള്ളിച്ചലിലെ കൈവശ ഭൂമിയിൽ നിന്നും വനം വകുപ്പ് ജീവനക്കാരുടെ ഒത്താശയോടെ വൻതോതിൽ മരങ്ങൾ മുറിച്ചു കടത്തിയെന്നുള്ള ആരോപണം സംബന്ധിച്ച വിജിലൻസ് & ഫോറസ്ററ് ഇന്റലിജൻസ് വിഭാഗം പി.സി.സി.എഫ് ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്ററ് ഓഫീസർ ശ്രീ. സിജി മുഹമ്മദ്, സെക്ഷൻ ഫോറസ്ററ് ഓഫീസർ ശ്രീ. ലാലു എന്നിവരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഇവർക്കെതിരെ കുറ്റപത്രം/കുറ്റാരോപണ പത്രിക എന്നിവ നൽകി അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്.

32. <u>KFDHQ/2160/2022-ADMIN/B8</u>

ഇടുക്കി - ചിന്നക്കനാൽ വില്ലേജിൽ HML കമ്പനിയുടെ കൈവശത്തിലിരിക്കുന്ന ഭൂമിയിൽ നിന്ന് അനധികൃതമായി മരം മുറിച്ച് വിൽപ്പന നടത്തിയെന്നത് സംബന്ധിച്ച് വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം പി.സി.സി.എഫ് ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫോറസ്റ്റ് മാനേജ്മെന്റ് വിഭാഗം പി.സി.സി.എഫ് നടപടിക്ക് നിർദേശിച്ചിരുന്നു. ആയതിൽ ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് , ശ്രീ. മാർട്ടിൻ ലോവൽ, മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ശ്രീ. എം.വി.ജി. കണ്ണൻ ഐ.എഫ്.എസ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. എസ്. ഹരീന്ദ്രകുമാർ എന്നിവരുടെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ശ്രീ. മാർട്ടിൻ ലോവൽ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. എസ്. ഹരീന്ദ്രകുമാർ എന്നിവർക്കെതിരെ കുറ്റപത്രം/കുറ്റാരോപണ പത്രിക എന്നിവ നൽകി അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്.

33. <u>KFDHQ/4283/2021-ADMIN/B8</u>

റവന്യൂ വകുപ്പിന്റെ പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ പട്ടയഭൂമികളിൽ നടന്ന മരംമുറി സംബന്ധിച്ച വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം പി.സി.സി.എഫ് ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. ജോജി ജോൺ നെ സസ്പെൻഡ് ചെയ്യുകയും കുറ്റപത്രം/കുറ്റാരോപണ പത്രിക എന്നിവ നൽകി അച്ചടക്ക നടപടി ആരംഭിച്ചിട്ടുമുണ്ട്. ഇത് സംബന്ധിച്ച് അടിമാലി പോലീസ് സ്റ്റേഷനിൽ ക്രൈം 786/2021 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

34. <u>ബി8-2201/19</u>

മൂന്നാർ ഡിവിഷനിൽ പെട്ടിമുടി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്ന യൂക്കാലിപ്റ്റ്സ് തോട്ടത്തിലെ അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട വനം വിജിലൻസിന്റെ 03.04.2019 ലെ വി.ഇ.3-5090/17 നമ്പർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദികളായ ജീവനക്കാർക്കെതിരെ നടപടികൾ സ്വീകരിച്ച് വരുന്നു.

35. <u>B9-4824/2022</u>

ഇടുക്കി വന്യജീവി സങ്കേതത്തിലെ ശ്രീ. സരുൺ സജി എന്ന ആദിവാസി യുവാവിനെ കള്ളക്കേസിൽ കുടുക്കിയതിനും ജാതിപ്പേര് വിളിച്ച് ആക്ഷേപിച്ചതിനുമെതിരെ ശ്രീ. സരുൺസജി ഹർജികൾ സംബന്ധിച്ച സമിതി (2021-23) മുമ്പാകെ സമർപ്പിച്ച പരാതിയുമായി

ബന്ധപ്പെട്ട് 29.10.2022 തിയ്യതിയിലെ VE-4942/2022 കത്ത് പ്രകാരം വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ. രാഹുൽ. ബി. അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ശ്രീ. അനിൽ കുമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ. ലെനിൻ ബി.സി, ശ്രീ. ഷിജിരാജ് എൻ.ആർ, സീനിയർ ഗ്രേഡ് ഡ്രൈവർ ശ്രീ. ജിമ്മി ജോസഫ്, വാച്ചർമാരായ ശ്രീ. മോഹനൻ കെ.എൻ, ശ്രീ. ജയകുമാർ കെ.റ്റി, ശ്രീ. സനൽ, ശ്രീ. സന്തോഷ്, എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

36. **B9-2645/2022**

പെരിയാർ (East) ഡിവിഷനിലെ വള്ളക്കടവ് റെയിഞ്ചിലെ പൊൻനഗർ ഇ.ഡി.സി.ക്ക് ഫയർ ലൈൻ ജോലികൾ ചെയ്തതിന്റെ തുക നൽകാതിരിക്കുകയും, കൈക്കൂലി വാങ്ങുകയും ചെയ്തുവെന്ന പരാതിയുമായി ബന്ധപ്പെട്ട് 31.05.2022-ലെ KFDHQ/2522/2020-VIG/VE3 നമ്പർ റിപ്പോർട്ട് പ്രകാരം വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ. സി. അജയൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ. മനോജ്. ടി. മാത്യു, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ. മത്തായി ദേവസ്യ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ. വി.ആർ. നിഷാന്ത്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ശ്രീ. വിജേഷ്, താൽക്കാലിക വാച്ചർ എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

37. **B9-5826/2022**

ശ്രീ. മുഹമ്മദ് നൗഷാദ് ഐ.എഫ്.എസ്, ശ്രീ. അനസ്. എം.എ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് എന്നിവർക്കെതിരെ ശ്രീ. പി.വി സെബാസ്റ്റ്യൻ സമർപ്പിച്ച പരാതി സംബന്ധിച്ച് 04.11.2019 ലെ KFDHQ/501/2019-VIG/VE1 നമ്പർ റിപ്പോർട്ട് പ്രകാരം വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ശ്രീ. എം.എ. അനസ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ. എം.കെ. രഞ്ജിത്ത്, ശ്രീ. ഹരീന്ദ്രകുമാർ. എസ്, ശ്രീ. രാജേഷ്. സി, ശ്രീ. ടി.എം. റഷീദ്, സൂപ്രണ്ടുമാരായ ശ്രീ. പ്രേംജി പൈ, ശ്രീമതി. മേരി. വി.യു എന്നിവർക്കെതിരെ സർക്കാർ തലത്തിൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

38. **B9-3031/2023**

കപ്രിക്കാട് അഭയാരണ്യം മിനി മൃഗശാലയിലെ ഇൻറവെൻററി റിപ്പോർട്ടിലെ പൊരുത്തക്കേടുകൾ/ക്രമക്കേടുകൾക്കുത്തരവാദിയായ ശ്രീമതി. അനീഷ സിദ്ധിഖ് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെതിരെയുള്ള നടപടിയുമായി ബന്ധപ്പെട്ട് 05.04.2023 ലെ KFDHQ/5760/2022-VIG/VE1 നമ്പർ കത്ത് പ്രകാരം വിജിലൻസ് & ഫോറസ്ററ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് ശുപാർശ ചെയ്യതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. അനീഷ സിദ്ദിഖ് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, ശ്രീ. വിനയൻ. എ.എസ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ശ്രീ. സിയാദ് അലിയാർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീമതി. ഹസീന. ടി.എ എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു.

39. **B9-2318/2022**

കോഴിക്കോട് രാമനാട്ടുകര വെങ്ങളം ബൈപ്പാസ് വികസനവുമായി ബന്ധപ്പെട്ട് വെട്ടിമാറ്റിയ മരങ്ങൾക്ക് പകരം തൈകൾ നട്ടുപിടിപ്പിച്ചതിലെ ക്രമക്കേട് സംബന്ധിച്ച് 11.05.2022 തീയതിയിലെ VE10-644/2022 നമ്പർ റിപ്പോർട്ട് പ്രകാരം വിജിലൻസ് & ഫോറസ്ററ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് ശുപാർശ ചെയ്യതിന്റെ അടിസ്ഥാനത്തിൽ വീഴ്ചയ്ക്ക് ഉത്തരവാദി കളായ ഉദ്യോഗസ്ഥരായ ശ്രീ. ബിജേഷ് കുമാർ (റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, SF Range Vadakara), ശ്രീ. എം. ജോഷിൽ (അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, SF, Kozhikkode), ശ്രീ. സി. അനൂപ് കുമാർ (സെക്ഷൻ ഫോറസ്ററ് ഓഫീസർ, SF,Range Kozhikkode), ശ്രീ. കെ.കെ. ബിജു (സെക്ഷൻ ഫോറസ്ററ് ഓഫീസർ, SF,Range Kozhikkode), ശ്രീ. പ്രദീപ് കുമാർ (സെക്ഷൻ ഫോറസ്ററ് ഓഫീസർ, SF,Range Kozhikkode), ശ്രീ. എം. പത്മനാഭൻ (റെയിഞ്ച് ഫോറസ്ററ് ഓഫീസർ, SF Range Kozhikkode) എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു.

40. **B9-6173/2019(e-5408/22)**

പത്തനാപുരം ടിംബർ ഡിപ്പോയിലെ ചുറ്റമതിൽ നിർമാണവുമായി ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട). ശ്രീ. എസ്. പ്രസന്നകുമാറിനെതിരെ ശ്രീ. അനീഷ് സമർപ്പിച്ച പരാതിയുമായി ബന്ധപ്പെട്ട് 06.11.2019 തിയ്യതിയിലെ VE2-5205/19 നമ്പർ കത്ത് പ്രകാരം വിജിലൻസ് & ഫോറസ്ററ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് ശുപാർശ ചെയ്യതിന്റെ

അടിസ്ഥാനത്തിൽ വീഴ്ചയ്ക്ക് ഉത്തരവാദിയായ ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിച്ച അന്തിമ ഉത്തരവ് പുറപ്പെടുവിച്ചു.

41. **B9-142/2023(1176/2020)**

പെരിയാർ ഈസ്റ്റ് ഡിവിഷനിലെ വള്ളക്കടവ് റെയിഞ്ചിന് കീഴിലുള്ള വഞ്ചിവയൽ ഭാഗത്തുവച്ച് FIC യിൽ ജോലി ചെയ്ത് വരുന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ. സുജിത്തിന് മർദ്ദനമേറ്റത് സംബന്ധിച്ച് 05.10.2021 തിയ്യതിയിലെ VE3-961/2020 നമ്പർ കത്ത് പ്രകാരം വിജിലൻസ് & ഫോറസ്ററ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ വീഴ്ചയ്ക്ക് ഉത്തരവാദിയായ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. അജയൻ.സി ക്ക് എതിരെ 31.03.2023-ലെ തീയതിയിൽ 10/2023 വനം നമ്പർ പ്രകാരം കുറ്റപത്രം/കുറ്റാരോപണപത്രിക നൽകി അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

42. **B9-3441/2021**

തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.കെ.കെ.സലീമിന്റെ അറസ്റ്റും അതുമായി ബന്ധപ്പെട്ട അന്വേഷണവും സംബന്ധിച്ച് 23.12.2021 തീയതിയിലെ VE2-3903/21 നമ്പർ കത്ത് പ്രകാരം വിജിലൻസ് & ഫോറസ്ററ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ ഉൾപ്പെട്ട 3 ഉദ്യോഗസ്ഥർക്കും (റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീമതി. ദിവ്യ. എസ്.എസ്. റോസ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. കെ.ജി. രാഗേഷ് (Rtd), സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ശ്രീ. കെ.കെ. സലിം) സർക്കാരിൽ നിന്നും 16.05.2022-ലെ എ 2/124/വനം നമ്പർ പ്രകാരം കുറ്റപത്രം/ കുറ്റാരോപണപത്രിക നൽകി അച്ചടക്കനടപടി സ്വീകരിച്ചുവരുന്നു

43. **B9-1196/2021**

ശ്രീ. വി. സുകുമാരൻ, അഖിലേന്ത്യാ ആദിവാസി മഹാസഭ തിരുവനന്തപുരം ജില്ലാ കമ്മറ്റി പ്രസിഡന്റ്, നെയ്യാർ അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ ശ്രീ. ജെ. സുരേഷിനെതിരെ നൽകിയ പരാതി സംബന്ധിച്ച് 04.03.2022 തീയതിയിലെ VE2-2416/20 നമ്പർ കത്ത് പ്രകാരം വിജിലൻസ് & ഫോറസ്ററ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ജെ. സുരേഷ് (അസിസ്റ്റൻറ് വൈൽഡ് ലൈഫ് വാർഡൻ), ശ്രീ. രാജേഷ് (റിസർവ്വ് വാച്ചർ) എന്നിവർക്ക് 09.05.2022-ന് KFDHQ/1196/2022 നമ്പർ പ്രകാരം

മെമ്മോ നൽകുകയും ടി മെമ്മോയ്ക്ക് ടിയാന്മാർ മറുപടി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചു വരുന്നു.

44. **B9-1729/2020**

ശ്രീമതി. സിന്ധു. M.K ഹെഡ് അക്കൗണ്ടന്റിന്റെ അനധികൃത ഹാജരില്ലായ്മ സംബന്ധിച്ച് 26.04.2022 തിയ്യതിയിലെ VE2-815/22 നമ്പർ കത്ത് പ്രകാരം വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം എ.പി.സി.സി.എഫ് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 29.09.2021-ൽ ബി9-1729/2021 പ്രകാരം ടിയാൾക്കെതിരെ കുറ്റപത്രം/കുറ്റാരോപണപത്രിക നൽകി അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

45. **B9-2626/2020(e-5520/2022)**

നെയ്യാർ വന്യജീവി സങ്കേതത്തിലെ അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ ആയിരുന്ന ശ്രീ. ജെ സുരേഷിനെതിരെയുള്ള അച്ചടക്ക നടപടി സംബന്ധിച്ച് തിരുവനന്തപുരം ഫ്ലൈയിങ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 07.05.2020 തിയ്യതിയിലെ R-281/2020 നമ്പർ അന്വേഷണ റിപ്പോർട്ട് പ്രകാരം അച്ചടക്കനടപടി സ്വീകരിച്ചുവരുന്നു.

46. **ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (HRC)**

ദേവികുളം റെയിഞ്ചിൽ ചിന്നാർ സെക്ഷനിൽ മുത്തമ്മ കോളനി ഭാഗത്തു നിന്ന് 95 പച്ച മരങ്ങൾ മുറിച്ച് കഷ്ണങ്ങൾ ആക്കിയത് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ പ്രൊട്ടക്ഷൻ ടീം കണ്ടെത്തിയ കുറ്റകൃത്യം രജിസ്റ്റർ ചെയ്ത ഒ.ആർ 5/21 നമ്പർ കേസിൽ 3 ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും അന്വേഷണ വിധേയമായി സസ്പെൻറ് ചെയ്ത് അച്ചടക്കനടപടി തുടർന്നു വരുന്നു.

47. ദേവികുളം റെയിഞ്ചിൽ പള്ളിവാസിൽ സെക്ഷനിലെ കുരിശുപാറ ഭാഗത്ത് കല്ലാർവാലി എസ്റ്റേറ്റിൽ സെക്ഷൻ 5 നോട്ടിഫിക്കേഷൻ ചെയ്ത പ്രദേശത്ത് നിന്ന മരങ്ങളിൽ നിന്നും അശാസ്ത്രീയമായി ലോപ്പിംഗ് നടത്തി വിറകു മുറിച്ച് സ്ഥലത്ത് ഇട്ട കുറ്റത്തിന് മൂന്നാർ ഫ്ലൈയിങ് സ്ക്വാഡ് കണ്ടെത്തി രജിസ്റ്റർ ചെയ്ത് ഒ.ആർ.26/25 കേസിൽ 2 ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സസ്പെൻറ് ചെയ്തു.

48. **ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (CC)**

2018-19 സാമ്പത്തിക വർഷത്തിലെ കുട്ടംമ്പുഴ റെയിഞ്ചിലെ ഉറിയംപെട്ടി ആദിവാസി കോളനിക്കു ചുറ്റും ജണ്ടകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വനം വകുപ്പ് വിജിലൻസ്

നടത്തിയ അന്വേഷണത്തിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയും ശ്രീ. കെ.വി. വർഗ്ഗീസ് എന്നയാളെ തന്റെ വീട്ടിൽ നിന്ന് സാധന സാമഗ്രികൾ വടാട്ടുപാറയിൽ നിന്ന് ഭൂതത്താൻകെട്ട് ചെക്ക്പോസ്റ്റ് വഴി കൊണ്ടുപോകുന്നതിനുള്ള അനുവാദത്തിനായി വടാട്ടുപാറ ഫോറസ്റ്റ് സ്റ്റേഷനിൽ എത്തിയപ്പോൾ ടിയാനോട് അപമര്യാദയായി പെരുമാറിയ സെക്ഷൻ ഫോറസ്റ്റ് ഓഫീസർക്കെതിരെയും ബീറ്റ് ഫോറസ്റ്റ് ഓഫീസർക്കെതിരെയും വകുപ്പുതല അച്ചടക്കനടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നു.

49. **<u>ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (WL) പാലക്കാട്.</u>**

പീച്ചി വൈൽഡ് ലൈഫ് ഡിവിഷനിലെ ചിമ്മിനി വന്യജീവി സങ്കേതത്തിൽ 14.03.2023 ന് തൃശ്ശൂർ ഫ്ലൈയിങ് സ്ക്വാഡ് ഡിവിഷൻ നടത്തിയ പരിശോധനയിൽ അവിടത്തെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ഡ്യൂട്ടി സമയത്ത് മദ്യപിച്ചതായും തുടർന്ന് നടത്തിയ വൈദ്യപരിശോധനയിൽ ആയത് സ്ഥിരികരിച്ചതിനെ തുടർന്ന് സസ്പെൻറ് ചെയ്യുകയും പിന്നീട് സസ്പെൻഷൻ പിൻവലിച്ച് സ്ഥലംമാറ്റുകയും ചെയ്തിട്ടുണ്ട്.

50. **<u>ഫോറസ്റ്റ് കൺസർവേറ്റർ (അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്)</u>**

കോട്ടൂർ ആനപരിപാലന കേന്ദ്രത്തിലെ ആനകൾക്ക് വാങ്ങിയ മരുന്നുകൾ സ്റ്റോക്കിൽ എടുക്കുന്നതിലും വിതരണം ചെയ്യുന്നതിലും നടപടിക്രമങ്ങൾ പാലിക്കാതിരുന്നതിന് സെക്ഷൻ ഫോറസ്റ്റ് ഓഫീസർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുള്ളതാണ്. അതോടൊപ്പം അസിസ്റ്റൻറ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസറേയും, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറേയും സ്ഥലംമാറ്റുകയും ചെയ്തിട്ടുണ്ട്.

51. **<u>ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) എറണാകുളം</u>**

എറണാകുളം (സോഷ്യൽ ഫോറസ്ട്രി) ഡിവിഷനിലെ പർച്ചേസുമായി ബന്ധപ്പെട്ട് വനം വിജിലൻസ് നടത്തിയ പരിശോധന പ്രകാരം ഹെഡ് അക്കൗണ്ടൻറ് ശ്രീമതി എം.കെ. സിന്ധു, സീനിയർ ക്ളാർക്കുമാരായ ശ്രീ. അജാസ്. എം.എ, ശ്രീമതി. ബിന്ദു. കെ.എസ്. എന്നിവർക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു.

52. **<u>ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (WL) പാലക്കാട്.</u>**

നിലമ്പൂർ നോർത്ത് ഡിവിഷനിൽ നടത്തിയ പരിശോധനയിൽ നെടുങ്കയം ഇക്കോട്ടൂറിസം സെന്ററിലേക്കുള്ള പ്രവേശന കവാടത്തിലെ ടിക്കറ്റ് വിതരണം സംബന്ധിച്ച് ക്രമക്കേടുകൾ

കണ്ടെത്തിയിരുന്നു. ഉത്തരവാദിയെന്ന് കണ്ടെത്തിയ ജീവനക്കാരനെ അടിയന്തിരമായി സ്ഥലം മാറ്റുകയും അച്ചടക്ക നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**53. <u>ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) കൊല്ലം</u>**

തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ ഒഴുകുപാറ തേക്ക് മദർബെഡ് നഴ്സറി 2021 വർഷത്തിലെ വെള്ളപ്പൊക്കത്തിൽ നശിച്ചത് യഥാസമയം റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ ഡിവിഷൻ തലത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു.